**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6269** **03.04.2018 -ലെ മറുപടിക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ അംബേദ്കർ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.ശർമ്മ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ പദ്ധതി പ്രകാരം പട്ടികജാതി കോളനികളിലെ സമഗ്ര അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്ന തിനായി വൈപ്പിൻ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി കോളനികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) | OLH കോളനി, IHDP നായരമ്പലം പട്ടികജാതി കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി വൈപ്പിൻ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് 50 ലക്ഷം രൂപ വീതം മുൻകൂറായി അനുവദിച്ചിട്ടുണ്ട്. കോളനി നിവാസികൾ യോഗം ചേർന്ന് മുൻഗണനാടിസ്ഥാനത്തിൽ തീരുമാനിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, നിർവ്വഹണ ഏജൻസി തയ്യാറാക്കുകയും അയത് അംഗീകരിച്ച് നിർമ്മാണ പ്രവൃത്തികൾ തുടങ്ങുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രവൃത്തികൾ നടപ്പാക്കുന്നതിൽ കാലതാമസ്സം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) യും | നിർവ്വഹണ ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലുണ്ടായ കാലതാമസം കാരണമാണ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് തടസ്സം നേരിട്ടത്. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ